യോഹ. 1:29-34

**2023 ജനുവരി 22**

## വചനസന്ദേശം

**ഫാ. പീറ്റർ കാഞ്ഞിരക്കാട്ടുകരി**

# ദൗത്യം മറക്കാത്ത സ്നാപകൻ

ഒരാളെ പരിചയപ്പെടുത്തുവാൻ പല വഴികളുണ്ട്. പേരുപറഞ്ഞ് പരിചയപ്പെടുത്താം. ബന്ധുവാണെങ്കിൽ ബന്ധംപറഞ്ഞ് പരിചയപ്പെടുത്താം. വ്യക്തിപരമായ അനുഭവങ്ങൾ ഉണ്ടെങ്കിൽ അതു പറഞ്ഞ് പരിചയപ്പെടുത്താം. ഈ സാധ്യതകൾ എല്ലാം ഉള്ളപ്പോഴാണ് സ്നാപകൻ ഈശോയെ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് പരിചയപ്പെടുത്തുന്നത്. ഈശോയുടെ ദൗത്യവും അതിന്റെ പ്രത്യേകതകളുമാണ് സ്നാപകൻ പ്രാധാന്യം നല്കി അവതരിപ്പിക്കുന്നത്.

യേശുവിന്റെ ദൗത്യം മാത്രമല്ല തന്റെ ദൗത്യവും എന്താണ് എന്ന് യോഹന്നാന് വ്യക്തമായി അറിയാം. ഒരുപാട് സാധ്യതകളുടെ മുമ്പിൽ കളംവിടാൻ സ്നാപകന് സാധിക്കുന്നതും ഇതേ ദൗത്യബോധമാണ്. പ്രവാചകനും പ്രവചനശബ്ദവും ഇല്ലാതിരുന്ന സുദീർഘമായ കാലത്തിനൊടുവിൽ മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദമായി സ്നാപകൻ പ്രത്യക്ഷപ്പെടുമ്പോൾ ജനത്തിന്റെ മനസ്സിൽ വലിയ പ്രതീക്ഷകളുണ്ട്. ദൈവരാജ്യം സ്വന്തമാക്കാൻ മാനസാന്തരപ്പെടാൻ സ്നാപകൻ പറയുമ്പോൾ മിശിഹാചിന്തകൾ യഹൂദ മനസ്സിൽ ശക്തിപ്രാപിക്കുന്നുണ്ട്. താപസജീവിതവും ശക്തമായ സാക്ഷ്യവും നിർഭയ നിലപാടുകളും സ്നാപകനെ നോക്കി ഇവൻതന്നെയാണ് മിശിഹാ എന്നു ചിന്തിക്കാൻ ഇട നല്കുന്നുണ്ട്. വലിയ ശിഷ്യസമ്പത്തും സാമൂഹ്യസ്വാധീനവും മുന്നിലുള്ളപ്പോൾ ''ഞാൻ അല്ല – അവൻ'' എന്ന് ഈശോയിലേക്ക് വിരൽചൂണ്ടുന്ന സ്നാപകന് കരുത്തുപകരുന്നത് ഇതേ ദൗത്യബോധമാണ്. ആരാധകരുടെ ആരവങ്ങളിൽ ദൗത്യം മറക്കുന്ന അഭിനവ ആചാര്യന്മാരിൽനിന്ന് സ്നാപകൻ വ്യത്യസ്തനാകുന്നു.

തന്റേയും യേശുവിന്റേയും ദൗത്യത്തെപ്പറ്റിയുള്ള ബോധമാണ് ആദ്യ ത്തെ കേൾവിയിൽ വിചിത്രമെന്നു തോന്നാവുന്ന പരാമർശങ്ങൾ സ്നാപകനെ കൊണ്ട് പറയിപ്പിക്കുന്നത്. ജനനക്രമമനുസരിച്ച് സ്നാപകന് മുമ്പുള്ളവനല്ല ഈശോ. സമൂഹത്തിലെ സ്വീകാര്യതയിലും പ്രശസ്തിയിലും സ്നാപകനാണ് വലിയവൻ. അടുത്ത ചാർച്ചാബന്ധമാണ് ഈശോയും സ്നാപകനും തമ്മിലുള്ളത്. എന്നിട്ടും സ്നാപകൻ പറയുന്നത് ഈശോയെ അറിഞ്ഞിരുന്നില്ല എന്നും ഈശോയാണ് മുമ്പുണ്ടായിരുന്നതെന്നും ഈശോയാണ് വലിയവനെന്നും. സ്നാപകന്റെ ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ കേൾവിക്കാർക്ക് അതു മനസ്സിലാവുകയുള്ളൂ. വഴിയൊരുക്കാൻ വന്നവൻ മാത്രമാണ് താനെന്നും വരാനിരിക്കുന്നവൻ ഈശോയാണെന്നും സ്നാപകൻ വാക്കിലും പ്രവൃത്തിയിലും സാക്ഷ്യപ്പെടുത്തുകയാണ്. തന്റെ ദൗത്യത്തിനുവേണ്ടി സ്നാപകൻ ജീവിതത്തെ ഒരുക്കുന്നുണ്ട്. ഭക്ഷണത്തിലും വസ്ത്രത്തിലും വാസസ്ഥലത്തിലും സ്നാപകൻ പുലർത്തുന്ന നിഷ്ഠ ദൗത്യത്തിനു വേണ്ടിയായിരുന്നു. യേശുവിന്റെ ദൗത്യം ആരംഭിക്കുമ്പോൾ തന്റെ ദൗത്യം പൂർത്തി യാകുന്നതിൽ സ്നാപകൻ സന്തോഷിക്കുന്നു. യേശു ദൈവപുത്രനാണ് എന്ന തിന്റെ വ്യക്തമായ സാക്ഷ്യം യേശുവിന്റെ മാമ്മോദീസായിലൂടെ സ്നാപകനു ലഭിക്കുന്നു. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ഈശോയെ പരിചയപ്പെടുത്തി സ്നാപകൻ തന്റെ ദൗത്യം പൂർത്തിയാക്കുന്നു.

നമ്മുടെ ജീവിതത്തിലേക്ക് ദൈവം ഏല്പിക്കുന്ന ദൗത്യങ്ങളുണ്ട്. ദൗത്യനിർവഹണത്തിന് ജീവിതത്തെ ഒരുക്കേണ്ട മാർഗ്ഗങ്ങളുണ്ട്. ദൗത്യനിർവഹണത്തെ തടസ്സപ്പെടുത്താവുന്ന പ്രലോഭനങ്ങൾ ഉണ്ട്. സ്നാപകനെപ്പോലെ ദൗത്യബോധത്തിൽ അടിയുറച്ചാൽ മാത്രമേ ആരാധകരുടെയും ആൾക്കൂട്ടാരവങ്ങളുടെയും പുറകേ പോകാതെ ദൗത്യം വിജയത്തിലെത്തിക്കുവാൻ കഴിയൂ... ദൗത്യബോധത്തിൽ വളരാൻ ദൈവം നമ്മെ സഹായിക്കട്ടെ. എ